# ഉള്ളടക്കങ്ങളിൽ

- **അടിസ്ഥാന വിവരങ്ങൾ**
- **ആമുഖം**
- **ലക്ഷ്യങ്ങൾ**
- **വിദ്യാലയത്തിന്റെ ലഘുചരിത്രം**
- **വിദ്യാലയം മികവിന്റെ കേന്ദ്രം** (കാഴ്ചപ്പാട്)
- **പദ്ധതി രൂപീകരണം** (വിവിധ പ്രവർത്തനങ്ങൾ)
- **നിലവിലെ അവസ്ഥാ വിശകലനം**
- **മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ** (ഒറ്റ നോട്ടത്തിൽ)
- **പദ്ധതി വിശദാംശങ്ങൾ** (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- **പ്രതീക്ഷിത നേട്ടങ്ങൾ**
- **മോണിറ്ററിംഗ്**
- **ഉപസംഹാരം**

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | – | മുതുവടത്തൂർ മാപ്പിള യു.പി.സ്കൂൾ |
| വിലാസം | – | മുതുവടത്തൂർ പിഒ, പുറമേരി വഴി–673502 |
| ഫോൺ | – | 0496–2553150 |
| വിദ്യാഭ്യാസ ജില്ല | – | വടകര |
| റവന്യൂ ജില്ല | – | കോഴിക്കോട് |
| സ്കൂൾ കോഡ് | – | 16266 |
| സ്ഥാപിത വർഷം | – | 04–10–1979 |
| സ്കൂൾ ഇമെയിൽ | – | mmups1979.in@gmail.com |
| ഉപജില്ല | – | ചോമ്പാല |
| സ്കൂൾ വിഭാഗം | – | പൊതുവിദ്യാലയം |
| ബിആർസി | – | തുണേരി |
| ഗ്രാമപഞ്ചായത്ത്/വാർഡ് | – | പുറമേരി, XV |
| ബ്ലോക്ക് പഞ്ചായത്ത് | – | തൂണേരി ( പുറമേരി ഡിവിഷൻ) |
| ജില്ലാപഞ്ചായത്ത് | – | കോഴിക്കോട് (എടച്ചേരി ഡിവിഷൻ) |
| നിയമസഭാ മണ്ഡലം | – | കുറ്റ്യാടി |
| ലോക്സഭാമണ്ഡലം | – | വടകര |
| താലൂക്ക് | – | വടകര |
| വില്ലേജ് | – | പുറമേരി |
| സ്കൂൾ വിക്കി | – | മുതുവടത്തൂർ എം.യു.പി.എസ് |
| പ്രധാന അധ്യാപകൻ | – | [illegible] |
| പി.ടി.എ പ്രസിഡണ്ട് | – | [illegible] |
| എം.പി.ടി.എ ചെയർപേഴ്സൺ | – | [illegible] |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# ഒരാമുഖം

നമ്മുടെ വിദ്യാലയം എന്തായി തീരണം? എങ്ങനെയാണ് ഈ വിദ്യാലയം പൂർണ്ണാർത്ഥത്തിൽ ഒരു മികവിന്റെ കേന്ദ്രമാവുക, അതിലേക്ക് എത്തിച്ചേരാൻ എന്തെല്ലാം മാർഗങ്ങൾ സ്വീകരിക്കണം. എന്തൊക്ക കാര്യങ്ങളിൽ നമുക്ക് ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പോരായ്മകൾ എന്തൊക്കെയാണ്. ഇപ്പോൽ നാം സ്വീകരിക്കുന്ന രീതിയിൽ എന്തൊക്കെ മാറ്റങ്ങൾ ആവശ്യമാണ്. എന്നിവയിലൊക്കെ നിരന്തര ചർച്ചയും പ്രാദേശിക നിർദ്ദേശങ്ങളും അനുഭവപാഠങ്ങളും ചേർത്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. എല്ലാം പ്രധാനപ്പെട്ടവ തന്നെ. എന്നാലും ചില കാര്യത്തിൽ കാലാനുസൃതമായ കൂട്ടിച്ചേർക്കലുകളും ഇതിൽ വരുത്താവുന്നതാണ്. 2017 18 വർഷത്തിൽ തുടക്കമിട്ടതും ഭാവിയിൽ അഞ്ച് വർഷങ്ങളിലേക്ക് ലക്ഷ്യമിടുന്നതുമാണ് പ്രവർത്തനങ്ങൾ. സ്കൂൾ ഭൗതികവും സാമൂഹികവുമായി അതിന്റെ പുരോഗതിയുടെ പൂർണ്ണതിയിലേക്ക് എത്താൻ വ്യക്തമായ മുന്നൊരുക്കങ്ങളും കാഴ്ച്ചപ്പാടുകളും ആവശ്യമാണ്. അക്കാദമിക രംഗത്ത് പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് മികവിന്റെ കേന്ദ്രമാവാൻ കഴിയുമെന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ സാർഥകമാക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിച്ചുകൊണ്ട് മികച്ച വിദ്യാലയമായി മാറണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. പ്രധാനമായും ഈ സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർഥികൾക്കും അതത് ക്ലാസിലെ പഠന ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ഭിന്ന നിലവാരത്തിലുള്ള വിദ്യാർഥികൾക്ക് അവരവരുടെ കഴിവിനനുസരിച്ചുള്ള താങ്ങും തലോടലും നൽകിക്കൊണ്ട് പൂർണ്ണതയിലേക്ക് എത്തിക്കുന്നതിനുമുള്ള രീതിയിലാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ചുകൊണ്ട് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കും എന്നാണ് ഈ മഹത്തായ പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഒപ്പം എല്ലാ വിദ്യാർഥികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക, ഉപഭാഷകളായ അറബിക്, ഉറുദു, സംസ്കൃതം എന്നിവയിലും പ്രാവീണ്യം കരസ്ഥമാക്കുക തുടങ്ങിയ ഉദ്ദേശങ്ങൾ സാർഥകമാകുന്ന സമഗ്ര ഗുണമേൻമാ വിദ്യാലയ വികസന പദ്ധതിയുടെ വിശദാംശങ്ങളാണ് തുടർപേജുകളിൽ വിശദീകരിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കു വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. 5 മുതൽ 7ാം ക്ലാസ്സ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തുക.

4. അധ്യാപനവും, അധ്യായനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക




## വിദ്യാലയ ചരിത്രം

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന മുതുവടത്തൂർ പ്രദേശത്ത് ഒരു അപ്പർ പ്രൈമറി സ്ഥാപിക്കുക എന്നത് നാട്ടിലെ വിദ്യാഭ്യാസ തൽപ്പരരുടെ എക്കാലത്തേയും ആഗ്രഹമായിരുന്നു. ഈ ആഗ്രഹമാണ് സാമൂഹ്യ പ്രവർത്തകനും യശ:ശരീരനുമായ എടക്കുടി കുഞ്ഞബ്ദുല്ല എന്ന മഹത് വ്യക്തിത്വത്തിന്റെയും സഹപ്രവർത്തകരുടെയും ശ്രമഫലമായി 1979 ഒക്ടോബർ 4ന് സാക്ഷാത്കാരിക്കപ്പെട്ടത്. മുതുവടത്തൂർ മനാറുൽ ഹുദാ മദ്റസയിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ ഇന്നു കംമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം തുടങ്ങിയ സജ്ജീകരണത്തോടെ സ്വന്തമായ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രദേശത്തിന്റ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിന് മുതുവടത്തൂർ മാപ്പിള യൂ.പി സ്കൂൾ തുല്യതയില്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്.

എടക്കുടി മൂസഹാജി മാനേജറും മൂന്ന് അധ്യാപകരും 36 വിദ്യാർഥികളുമായി തുടങ്ങിയ ഈ വിദ്യാലയത്തിൽ ഇപ്പോൾ നൂറ്റൻപതോളം വിദ്യാർഥികളും പത്ത് അധ്യാപകരും ഒരു സ്കൂൾ അസിസ്റ്റന്റുമായി ചോമ്പാല ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മുന്നേറിവരികയാണ്. കൂടാതെ സ്കൂളിലെ 50 സെന്റിലധികം വരുന്ന ഭൂമിയിലെ ഔഷധ ജൈവവൈവിധ്യ തോട്ടവും സ്വന്തമായി വിദ്യാർഥികൾ തന്നെ ഒരുക്കിയ പച്ചക്കറി തോട്ടവും മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം (കാഴ്ചപ്പാട്)

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുതിനുള്ള സാഹചര്യം ഒരുക്കൽ.

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽകാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ മുതുവടത്തൂർ എം.യു.പിസ്കൂൾ–വിഷൻ 2023 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം–അക്കാദമികം –സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, പൂർവ്വവിദ്യാർഥികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

**എ) ഭൗതികം - നേട്ടങ്ങളും പരിമിതികളും**

5മുതൽ ഏഴുവരെയായുള്ള ക്ലാസുകൾ ആറ് ഡിവിഷനുകളിലായി ഓടുമേഞ്ഞ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തുന്നത്. രണ്ട് ക്ലാസ് റൂമുകൾഉള്ള ഒരു ഓടുമേഞ്ഞ കെട്ടിടം ഉപയോഗ ശൂന്യമാണ്. രണ്ട് ക്ലസ്റൂമുകളുള്ള മറ്റൊരു കോൺഗ്രീറ്റ് കെട്ടിടത്തിലാണ് വിവരസാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള കംപ്യൂടർ റൂം സജ്ജീകരിച്ചത്. കംപ്യൂട്ടർ ലാബിലേക്ക് 2011ൽ മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി നൽകിയ 5 കംപ്യൂട്ടറും 2017ൽ പാറക്കൽ അബ്ദുല്ല എം.എൽ.എ നൽകിയ 2 കംപ്യൂട്ടറുകളും ഉണ്ട്. എന്നാൽ ഇവയിൽ രണ്ടെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

മുൻ എം.എൽ.എ കെ.കെ ലതികയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്മാർട്ട് ക്ലാസ് റൂം സൗകര്യം അനുവദിച്ചെങ്കിലും കാലപ്പഴക്കത്തിൽ റൂം ഇപ്പോൾ ഉപയോഗശൂന്യമായ നിലയിലാണ്. കുട്ടികളുടെ വായന മികവ് പരിപോഷിപ്പിക്കാൻ സ്ഥാപകൻ എടക്കുടി കുഞ്ഞബ്ദുല്ലയുടെ സ്മരണാർത്ഥം മക്കൾ ഒരുക്കിയ ലൈബ്രറി ആന്റ് റീഡിങ് റൂം നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ച കിച്ചൺ കം സ്റ്റോറും കായക്കൊടി അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ കുഴൽകിണർ, മോട്ടോർ, വാട്ടർകൂളറും സ്കൂളിലുണ്ട്. വിശാലമായ കളിസ്ഥലവും ഔഷധ ഉദ്യാനവും വിദ്യാലയത്തെ മറ്റു വിദ്യാലയത്തിൽ നിന്നും വേറിട്ട് നിർത്തുന്നു.

**ബി) അക്കാദമിക് നേട്ടങ്ങളും പരിമിതികളും**

5,6,7 ക്ലാസുകളിലെ 75% കുട്ടികളും മികച്ച ഗ്രേഡ് കരസ്ഥമാക്കാറുണ്ട്. കൂടാതെ ഉപഭാഷകളിലായി നടത്തുന്ന വിവിധ പരീക്ഷകളിൽ കുട്ടികൾ സബ്ജില്ലാ ജില്ലാ തലങ്ങളിൽ ശ്രദ്ധേയമായ മികവ് പുലർത്തി വരുന്നുണ്ട്. വിദ്യാരംഗം കലാസാഹിത്യവേദി, ശാസ്ത്ര,പ്രവൃത്തിപരിചയമേളകൾ, കലോത്സവങ്ങൾ എന്നിവയിൽ മികച്ച സർഗാത്മകകഴിവുകൾ പ്രകടമാക്കി സബ്ജില്ലയിലും ജില്ലയിലും ഉയർന്ന ഗ്രേഡുകളും കരസ്ഥാമാക്കാറുണ്ട്.

പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് എല്ലാ വർഷവും വിവിധ എന്റോവ്മെന്റുകൾ ഏർപ്പെടുത്തി സമ്മാനങ്ങൾ നൽകാറുണ്ട്. സ്ഥാപനത്തിൽ കുട്ടികൾക്ക് വായിക്കാനായി വിവിധ പത്രങ്ങൾ പി.ടി.എയുടെ സഹായത്തോടെ ലഭ്യമാക്കുന്നുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

## അക്കാദമികം

* ഭാഷാശേഷി വികസനം
* ഗണിത ശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* ശാസ്ത്ര പോഷണ പരിപാടി
* വായനാ പരിപോഷണം
* ലൈബ്രറി ശാക്തീകരണം
* ലബോറട്ടറി ആധുനിക വൽക്കരണം
* പ്രതിഭാ പോഷണപരിപാടി
* പഠനയാത്രകൾ
* സെമിനാറുകൾ
* കലാകായിക മേള
* ഐടി പരിശീലനം
* ക്ലാസ് പി.ടി.എ സജീവമാക്കൽ
* പ്രവൃത്തി പരിചയ പഠനം
* എസ്.ആർ.ജി ശാക്തീകരണം
* ശാസ്ത്ര അഭിരുചി വളർത്തൽ
* പച്ചക്കറി തോട്ടം
* രചനാ ശില്പശാല
* അഭിമുഖങ്ങൾ
* പോഷകാഹാര പരിപാടി
* ടേം മൂല്യനിർണ്ണയം/ നിരന്തര വിലയിരുത്തൽ
* ദിനാചരണം
* കായിക പഠനം

## ഭൗതികം

* സ്മാർട്ട് ക്ലാസ് റൂം
* കമ്പ്യൂട്ടർ ലാബ്
* സയൻസ് ലാബ്/ഗണിതലാബ്
* ചിൽഡ്രൻസ് പാർക്ക്/ജൈവ വൈവിദ്യപാർക്ക് നവീകരണം
* ക്ലാസ് മുറികൾ/ ഓഫീസ് മുറി/ സ്റ്റാഫ് റൂം
* ലൈബ്രറി/ജന്മദിനത്തിലൊരു പുസ്തകം
* മാലിന്യസംസ്കരണം
* ചിത്രരചന
* എന്റെ വീട്ടിലും ഒരു കൃഷിതോട്ടം
* ഭാഷാദിനാചരണങ്ങൾ

## സാമൂഹികം

* പി.ടി.എ ശക്തിപ്പെടുത്തുക
* വിദ്യാലയ വികസനസമിതി ശക്തിപ്പെടുത്തുക
* പൂർവ്വ വിദ്യാർത്ഥിസംഘടന രൂപീകരണം
* എസ്.എസ്.ജി ശക്തിപ്പെടുത്തൽ
* ഗ്രന്ഥശാലകൾ/ക്ലബുകൾ/സന്നദ്ധ സംഘടനകൾ/ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ എന്നിവരുമായി ബന്ധം സ്ഥാപിക്കൽ
* ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
* വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
* ഗൃഹസന്ദർശനം

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
മേഖല/ഉപമേഖല : അക്കാദമികം/ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കുവാനുമുള്ള കഴിവ് വികസിപ്പിക്കുക | മാസത്തിൽ ഒരുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | മാസത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

പ്രവർത്തനം : 2
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ ഇംഗ്ലീഷ് ഭാഷയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

പ്രവർത്തനം : 3
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ. | 5 ദിവസം (അവധി ക്കാലം). | പി.ടി.എ പ്രസിഡന്റ്, പ്രധാനാധ്യാപകൻ, | 3000/ പി.ടി.എ ഫണ്ട് |

പ്രവർത്തനം : 4
പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ സ്കൂൾ/ സ്പോക്കൺ ഇംഗ്ലീഷ്
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ. | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടത്തുക. ഇംഗ്ലീഷ് അദ്ധ്യാപകനെ കൂടാതെ പുറമേനിന്നുള്ള ഏജൻസിയെ ക്ലാസ് കൈകാര്യം ചെയ്യാൻ കണ്ടെത്തുക. | പ്രതിവർഷം 20 ക്ലാസുകൾ | ഇംഗ്ലീഷ് ടീച്ചർ<br>എസ്ആർജി | 25000/ ഒ.എസ്.എ ഫണ്ട് |

പ്രവർത്തനം : 5
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 6
പ്രവർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം കണ്ടെത്തുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 7 മലയാളം
പ്രവർത്തനത്തിന്റെ പേര് : രചനാ ശിൽപശാല
ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക ചരന കളിൽ ഏർപ്പെടുവാൻ അവസരം ഒരുക്കൽ. വായനാ സാമഗ്രികളുടെ നിർമ്മാണം. | കഥയരങ്ങ്/രചനാശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉൽപന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ.ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉൽപന്നങ്ങളെ ഉപയോഗിക്കൽ | മൂന്നു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | 5000/ സ്പോൺ' സർഷിപ്പ് |

പ്രവർത്തനം : 8 മലയാളം
പ്രവർത്തനത്തിന്റെ പേര് : കുട്ടീസ് റേഡിയോ
ഉപമേഖല : ഭാഷയുടെ പ്രകടന പരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാതൃഭാഷയിൽ അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും ക്ലാസുകളിൽ ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് റേഡിയോ പ്രക്ഷേപണം ചെയ്യുന്നു. | എല്ലാ ദിവസവും ഒഴിവു സമയം | മലയാളം ക്ലബ്ബ് SRG | 20000 |

പ്രവർത്തനം : 9 മലയാളം
പ്രവർത്തനത്തിന്റെ പേര് : ബ്ലോഗ് നിറക്കൽ യജ്ഞം
ഉപമേഖല : ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച ചരനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യവേദി | |

പ്രവർത്തനം : 10 മലയാളം
പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ. അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ.പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | |

പ്രവർത്തനം : 11 അറബിക്
പ്രവർത്തനത്തിന്റെ പേര് : അറബിക് അസംബ്ലി
ഉപമേഖല : അറബി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അറബിക് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | കുട്ടികൾ തന്നെ അസംബ്ലിയിൽ മുഴുവൻ പരിപാടികളും അറബിയിൽ അവതരിപ്പിക്കുക. അധ്യാപകൻ അറബിയിൽ സന്ദേശം നൽകുക. മുതിർന്ന കുട്ടികൾക്ക് ചുമതല നൽകുക. | മൂന്നുമാസത്തിൽ ഒരിക്കൽ | അറബിക് ടീച്ചർ | |

പ്രവർത്തനം : 12 അറബിക്
പ്രവർത്തനത്തിന്റെ പേര് : അറബിക് ഫെസ്റ്റ്
ഉപമേഖല : അറബി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ അറബി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | ഡിസംബറിൽ ലോക അറബി ഭാഷാദിനത്തോടനുബന്ധിച്ച് അറബിക് ഫെസ്റ്റ് നടത്തുക. | വർഷത്തിൽ ഒരിക്കൽ | അറബിക് ടീച്ചർ | 1000/ സ്പോൺസർഷിപ്പ് |

പ്രവർത്തനം : 13 സംസ്കൃതം
പ്രവർത്തനത്തിന്റെ പേര് : സംസ്കൃതം ഫെസ്റ്റ്
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ സംസ്കൃതം പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | ഭാഷാദിനത്തോടനുബന്ധിച്ച് സംസ്കൃതം ഫെസ്റ്റ് നടത്തുക. | വർഷത്തിൽ 1 പ്രാവശ്യം | സംസ്കൃതം ടീച്ചർ | |

പ്രവർത്തനം : 14 ഉറുദു
പ്രവർത്തനത്തിന്റെ പേര് : ഉറുദു ഫെസ്റ്റ്
ഉപമേഖല : ഉറുദു ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വ്യാകരണ ശുദ്ധിയോടെ ഉറുദു പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | ലോക ഉറുദു ഭാഷാദിനത്തോടനുബന്ധിച്ച് ഉറുദു ഫെസ്റ്റ് നടത്തുക. | വർഷത്തിൽ ഒരിക്കൽ | ഉറുദു ടീച്ചർ | |

പ്രവർത്തനം : 15 ഗണിതം
പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ്ബ് | |

പ്രവർത്തനം : 15 ഗണിതം
പ്രവർത്തനത്തിന്റെ പേര് : ഗണിത പാർക്ക്
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/ (പി.ടി.എ) |

പ്രവർത്തനം : 17
പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യ ശാസ്ത്രലാബ്
ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- പിടിഎ |

പ്രവർത്തനം : 18
പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ
ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന യാത്രകൾ | മാസത്തിൽ ഒന്നുവീതം | SRG | സ്പോൺസർഷിപ്പ് |

പ്രവർത്തനം : 19
പ്രവർത്തനത്തിന്റെ പേര് : ഡിബേറ്റ് ക്ലബ്
ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്സക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച , പ്രഭാഷണം തുടങ്ങിയ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | SRG | |

പ്രവർത്തനം : 20
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രലാബ് നവീകരിക്കൽ
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം : 21
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- SSG |

പ്രവർത്തനം : 22
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രതിഭകൾക്ക് വിദഗ്ദ പരിശാലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | SRG SSG | 15000/- OSA |

പ്രവർത്തനം : 23
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസ കരമാക്കൽ | ശാസ്ത്ര പഠന യാത്രകൾ സംഘടിപ്പി ക്കുന്നു. ( കോഴിക്കോട് പ്ലാനറ്റേറിയം സന്ദർശിക്കുന്നു) | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം : 24
പ്രവർത്തനത്തിന്റെ പേര് : മേളകൾ
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്ത നമാണ് എന്ന് മനസ്സി ലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ല തലത്തിൽ പരമാവധി പങ്കാ ളിത്തം | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ് | 10000/– |

പ്രവർത്തനം : 25
പ്രവർത്തനത്തിന്റെ പേര് :മോക്ക് പാർലമെന്റ്
ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം. മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചു ള്ള വോട്ടെടുപ്പ്എ എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4 ക്രിസ്മസ് സമ്മേളനം<br>5 വേനൽക്കാല സമ്മേളനം | SRG<br>SSG | 15000/-<br>OSA |

പ്രവർത്തനം : 26
പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ
ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർ ഒരുക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹിക ശാസ്ത്ര ക്ലബ് | 5000/- സ്പോൺസർ |

പ്രവർത്തനം : 27
പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്
ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികകൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹിക ശാസ്ത്ര ക്ലബ് | 1000/- പിടിഎ |

പ്രവർത്തനം : 28
പ്രവർത്തനത്തിന്റെ പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ
ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കാൽ | ഹിന്ദി വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാനടകീകരണം, ഹിന്ദി ബുളളറ്റിൻ പ്രസിദ്ധീകരിക്കൽ | മൂന്ന് മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ്ബ് | |

പ്രവർത്തനം : 29
പ്രവർത്തനത്തിന്റെ പേര് : ബ്ലോഗ് പ്ലാൻേറഷൻ പ്രോഗ്രാം
ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | തരിശുകിടക്കുന്ന ഭൂമിയിൽ വനംവകുപ്പിന്റെ സഹകരണത്തോടെ പരമാവധി മരം വച്ചുപിടിപ്പിക്കൽ | ഒരു വർഷം | എസ് എസ്ജി സ്കൗട്ട് & ഗൈഡ്സ് | 5000/- സ്പോൺ സർഷിപ്പ് |

പ്രവർത്തനം : 30
പ്രവർത്തനത്തിന്റെ പേര് : ചിത്രരചനാക്കളരി
ഉപമേഖല : കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യവേനൽ അവധി ക്കാലം (5ദിവസം) | എസ് ആർ ജി | 10000/- |

പ്രവർത്തനം : 31
പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺമുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

പ്രവർത്തനം : 32
പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശില്പശാല
ഉപമേഖല : ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കര ചലന ശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനു ള്ള പരിശീലനം നൽകൽ. വിവിധ രൂപ ങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണി തസവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | SRG, OSA ഗണിത ക്ലബ്ബ് | 1000/- OSA |

പ്രവർത്തനം : 33
പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിലൊരു പുസ്തകം
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറി യുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാ ലയിലേക്ക് സംഭാവന ചെയ്യുന്നു. കുടും ബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തന ത്തിൽ പങ്കാളികളാക്കാം | എല്ലാ ജന്മദി നങ്ങളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | |

പ്രവർത്തനം : 34
പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം
ഉപമേഖല : കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ആഴ്ചയിൽ ഒരിക്കൽ | പിടിഎ കായിക ക്ലബ്ബ് | 20000/– സ്പോൺ സർഷിപ്പ് |

പ്രവർത്തനം : 35
പ്രവർത്തനത്തിന്റെ പേര് : കായിക താരങ്ങൾക്ക് അവാർഡ്/സമ്മാനങ്ങൾ
ഉപമേഖല : കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം | എച്ച്.എം കായിക അദ്ധ്യാപകൻ | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 36
പ്രവർത്തനത്തിന്റെ പേര് : മെഡിക്കൽ ക്യാമ്പ്
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധ നടത്തൽ | വർഷത്തിൽ ഒന്നു വീതം | എസ് ആർജി എസ് എസ് ജി | പിടിഎ |

പ്രവർത്തനം : 37
പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിതോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർജി എസ് എസ് ജി | 10000/- കൃഷി വകുപ്പ് |

പ്രവർത്തനം : 38
പ്രവർത്തനത്തിന്റെ പേര് : **പുസ്തക സമാഹരണം**
ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുളള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരിക്കൽ | എസ് ആർജി സ്കൗട്ട് & ഗൈഡ്സ് | |

പ്രവർത്തനം : 39
പ്രവർത്തനത്തിന്റെ പേര് : **സ്കൂൾ കലണ്ടർ**
ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസകലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരിക്കൽ | എസ് ആർജി പിടിഎ | |

പ്രവർത്തനം : 40
പ്രവർത്തനത്തിന്റെ പേര് : **കവികൾ-കവിതകൾ**
ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരചയപ്പെടാൻ അവസരമൊരുക്കൽ | കുട്ടികൾക്ക് കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവചരിത്രവും തയ്യാറാക്കുന്നു. (പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം) | വർഷത്തിൽ ഒരിക്കൽ | എസ് ആർജി പിടിഎ | |

പ്രവർത്തനം : 41
പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ | എസ് ആർജി ഒഎസ്എ | 5000/- ഒഎസ്എ |

പ്രവർത്തനം : 42
പ്രവർത്തനത്തിന്റെ പേര് : പൂർവ്വാദ്ധ്യാപക സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | |

പ്രവർത്തനം : 43
പ്രവർത്തനത്തിന്റെ പേര് : ടൂൾകിറ്റ് പണിയായുധങ്ങൾ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി ജലവിതരണം, പച്ചക്കറി കൃഷി ജൈവവൈവിധ്യ ഉദ്യാനം തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങൾ ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പിടിഎ സ്റ്റാഫ് സെക്രട്ടറി | 10000/- പിടിഎ |

പ്രവർത്തനം : 44
പ്രവർത്തനത്തിന്റെ പേര് : ജൈവവൈവിധ്യ പാർക്ക് നവീകരിക്കൽ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ നിലവിലുള്ള ജൈവവൈവിധ്യ പാർക്ക് നവീകരിക്കൽ, പാർക്കിന് ചുറ്റും സംരക്ഷണ ഭിത്തി നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ് ആർജി സ്കൗട്ട് & ഗൈഡ്സ് | 25000/- എസ് എസ്എ |

പ്രവർത്തനം : 45
പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പിടിഎ സജീവമാക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പിടിഎ കൃത്യമായ അജണ്ടവെച്ച് പ്രതിമാസം ചേരൽ, (പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം.) | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 46
പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പവൃത്തി ദിവസങ്ങളിലും | എച്ച്എം, ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, പിടിഎ | |

പ്രവർത്തനം : 47
പ്രവർത്തനത്തിന്റെ പേര് : സ്കൂളിനു ചുറ്റുമതിൽ കെട്ടൽ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും ഔഷധ ഉദ്യാനവും സംരക്ഷിക്കൽ | സ്കൂളിലുനു ചുറ്റും ചുറ്റുമതിൽ കെട്ടുക മൈതാനവും ഔഷധ ഉദ്യാനവും വേർതിരിക്കാൻ വേലികെട്ടുക | ഒരു പ്രാവശ്യം | എസ് ആർജി ഒഎസ്എ | 250000/- ഒഎസ്എ |

പ്രവർത്തനം : 48
പ്രവർത്തനത്തിന്റെ പേര് : ഗൃഹസന്ദർശനം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുജനങ്ങളുമായി ബന്ധം സ്ഥാപിക്കൽ | വർഷത്തിൽ ഒരിക്കൽ മുതുവടത്തൂർ കുനിങ്ങാട്, വിലാതപുരം, കല്ലേരി തുടങ്ങിയ പ്രദേശങ്ങളിലെ മുഴുവൻ വീടുകളും സന്ദർശിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർജി പിടിഎ | |

പ്രവർത്തനം : 49
പ്രവർത്തനത്തിന്റെ പേര് : ഉപഭാഷകോർണർ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉപഭാഷകളായ അറബിക്, ഉറുദു, സംസ്കൃതം പരിചയപ്പെടുത്തൽ | ഉപഭാഷകളായ അറബിക്, ഉറുദു, സംസ്കൃതം ഭാഷാ പ്രസിദ്ധീകരണങ്ങൾ, പത്രവാർത്തകൾ എന്നിവ പരിചയപ്പെടുത്തുന്ന കോർണർ സ്ഥാപിക്കുക | പ്രവൃത്തി ദിവസങ്ങളിൽ | ഉപഭാഷാ ക്ലബ്ബുകൾ | |

## പ്രതീക്ഷിത നേട്ടങ്ങൾ

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* സ്കൂൾ സമൂഹത്തിൽ എന്ന ആസയത്തിൽ സാക്ഷാൽക്കരിക്കപ്പെടുന്നു.
* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
* മൂല്യബോധമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നു.
* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങളെ തടയാൻ കഴിയുന്നു.
* പരിസ്ഥിതി സംരക്ഷണം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നു.

## മോണിറ്ററിംഗ് രീതി

* ഉദ്യോഗ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
* സോഷ്യൽ മോണിറ്ററിംഗ് രീതി (പിടിഎ, എംപിടിഎ, എസ്എസജി, എസ്ആർജി, ഒഎസ്എ എന്നിവരെ ഉൾപ്പെടുത്തികൊണ്ട്) നടപ്പിലാക്കുന്നു.
* ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ പഠനപ്രവർത്തനങ്ങളെ കൂടുതൽ പരിപോഷിപ്പിക്കാൻ വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കുറ്റമറ്റതാണെന്ന് പറയുന്നില്ല. ആവശ്യമായ തിരുത്തലുകളും നിർദ്ദേശങ്ങളും ഉണ്ടാവണമെന്ന അപേക്ഷയോടെയാണ് ഇത് സമർപ്പിക്കുന്നത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

ശ്യാംസുന്ദർ. കെ.പി.
(ഹെഡ്മാസ്റ്റർ )

**ഇ.പി മുഹമ്മദലി**

(കോഡിനേറ്റർ, മാസ്റ്റർപ്ലാൻ)